# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എറണാകുളം
## പാർക്ക് അവന്യു, എറണാകുളം - 682011

☎ 0484 - 2360802 ✉ dmohekmoffice@gmail.com


'ഭരണഭാഷ - മാതൃഭാഷ'

എ6 - 1425/2021

തീയതി : 07.01.2025

**Appendix – H4**

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം : ആരോഗ്യവകുപ്പ് - ജി.മെ.ഒ.(ആ), എറണാകുളം - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീമതി.എമിലീന തോമസ്, സ്റ്റാഫ് നേഴ്സ് ഗ്രേഡ് – 2, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മട്ടാഞ്ചേരി - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് – സംബന്ധിച്ച്

സൂചന :

1. ഇ/1098/20/സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മട്ടാഞ്ചേരി, തീയതി : 01.10.2020
2. കുറ്റാരോപണമെമ്മോ നം. എ6/1425/2021/ജി.മെ.ഒ.(ആ), തീയതി : 27.01.2021
3. കാരണം കാണിയ്ക്കൽ നോട്ടീസ് നം.എ6/1425/2021/ജി.മെ.ഒ.(ആ), തീയതി : 22.06.2021

*******************************************

ശ്രീമതി.എമിലീന തോമസ്, സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി നോക്കി വരവേ 03.09.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായി സൂചന (1) പ്രകാരം സ്ഥാപനമേധാവി നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി ഹാജരാകുവാൻ ഈ കാര്യാലയത്തിൽ നിന്നും നോട്ടീസ് നൽകിയിരുന്നെങ്കിലും താങ്കൾ ഹാജരാകാത്തതാകുന്നു. അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും സൂചന (2) പ്രകാരം രജിസ്ട്രേഡ് വിത്ത് എ/ഡി ആയി കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകുന്നതിന് മെമ്മോ കൈപ്പറ്റിയ ദിവസം മുതൽ 15 ദിവസം അനുവദിച്ചിരുന്നുവെങ്കിലും കുറ്റാരോപണ മെമ്മോ അടങ്ങിയ കവർ താങ്കൾ കൈപ്പറ്റിയെങ്കിലും മറുപടി നൽകുകയുണ്ടായില്ല. ഇതേ തുടർന്ന് സൂചന (2) പ്രകാരം താങ്കൾക്കെതിരെയുള്ള കുറ്റാരോപണ പത്രിക നൽകുകയും കുറ്റാരോപണ പത്രികയ്ക്ക് മറുപടി നൽകുന്നതിന് കൈപ്പറ്റിയ ദിവസം മുതൽ 15 ദിവസം താങ്കൾക്ക് അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും നിശ്ചിത സമയപരിധിക്കകം താങ്കൾ കുറ്റാരോപണ പത്രികയ്ക്ക് മറുപടി നൽകുകയുണ്ടായില്ല.

ആയതിനാൽ ശ്രീമതി.എമിലീന തോമസ്-നെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന **03.09.2020** മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനം എടുത്തിരിക്കുന്നു. ഈ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. നിർദ്ദിഷ്ട സമയപരിധിക്കകം താങ്കളുടെ രേഖാമൂലമുള്ള മറുപടി ഈ കാര്യാലയത്തിൽ ലഭ്യമായില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്കനടപടി അവസാനിപ്പിക്കുന്നതാണ്.

ഡോ.ആശാദേവി
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
എറണാകുളം

OFFICE OF THE DISTRICT MEDICAL OFFICER OF HEALTH
Date ...........
PIN: 682 011
ERNAKULAM

സ്വീകർത്താവ് :

ശ്രീമതി.എമിലീന തോമസ് (സ്ഥാപനമേധാവി മുഖേന)

പകർപ്പ്:

ഫയൽ / കരുതൽ ഫയൽ

ആർ.ആർ